124870

No. of Printed Pages : 7

**FME 36**

Reg. No. : ..........................................................

Name : ..........................................................

# FIRST YEAR HIGHER SECONDARY
# MODEL EXAMINATION : FEBRUARY - 2019

## PART - III
## POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool-off Time' of 15 minutes in addition to the writing time.*
- *Use the 'Cool-off Time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read the instructions carefully.*
- *Calculations, figures and graphs should be shown in the answer-sheet itself.*
- *Malayalam version of the questions is also provided.*
- *Give equations **wherever** necessary.*
- *Electronic devices except non-programmable calculators are **not** allowed in the Examination Hall.*

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- *നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.*
- *'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.*
- *ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.*
- *നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.*
- *കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.*
- *ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.*
- *ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.*
- *പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാ ഹാളിൽ ഉപയോഗിക്കുവാൻ **പാടില്ല**.*

Answer all questions from 1 to15.
**28 Scores**

1. Name the person who moved objective resolution in the Constituent Assembly. 1
   (a) Motilal Nehru
   (b) Sardar Patel
   (c) Dr.B.R. Ambedkar
   (d) Jawaharlal Nehru

2. Name the commission appointed by central government in 1983 to examine the issues relating to centre-state relations. 1

3. "All wrong doing arises because of mind. If mind is transformed can wrong-doing remain ?" is a famous statement of __________. 1

4. Which among the following statements is wrong with regard to the theory of basic structure of the Constitution ? 1
   (a) Parliament can amend any part of the Constitution except the basic structure.
   (b) Judiciary advanced this theory in the famous case of Kesavananda Bharathi.
   (c) It had a long lasting effect on the evolution of the Indian Constitution.
   (d) It places executive as the final authority in deciding whether an amendment violates the basic structure.

1 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.
**28 Scores**

1. ഭരണഘടനാ നിർമ്മാണ സഭയിൽ ലക്ഷ്യപ്രമേയം അവതരിപ്പിച്ചത് ആര് ? 1
   (a) മോട്ടിലാൽ നെഹ്റു
   (b) സർദാർ പട്ടേൽ
   (c) ഡോ. ബി.ആർ. അംബേദ്കർ
   (d) ജവഹർലാൽ നെഹ്റു

2. കേന്ദ്ര - സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 1983 ൽ കേന്ദ്ര ഗവൺമെന്റ് നിയമിച്ച കമ്മിഷൻ ഏത് ? 1

3. "മനസ്സിലാണ് തെറ്റ് ചെയ്യാനുള്ള എല്ലാ പ്രവണതകളും ഉണ്ടാകുന്നത്. മനസ്സിനെ പരിവർത്തനം വരുത്തിയാൽ തെറ്റ് നിലനിൽക്കുമോ?" ഇത് ആരുടെ പ്രശസ്തമായ പ്രസ്താവനയാണ് ? 1

4. ഭരണഘടനയുടെ അടിസ്ഥാന ഘടനാ സിദ്ധാന്തവുമായി ബന്ധപ്പെട്ട താഴെകൊടുത്ത പ്രസ്താവനകളിൽ തെറ്റായത് ഏതാണ് ? 1
   (a) ഭരണഘടനയുടെ അടിസ്ഥാന ഘടന ഒഴികെ ഏതുഭാഗവും പാർലമെന്റിന് ഭേദഗതി ചെയ്യാം.
   (b) പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിലാണ് സുപ്രീം കോടതി അടിസ്ഥാനഘടനാ സിദ്ധാന്തം മുന്നോട്ടുവച്ചത്.
   (c) ഇന്ത്യൻ ഭരണഘടനയുടെ പരിണാമത്തിൽ ഈ സിദ്ധാന്തത്തിന് വലിയ സ്വാധീനം ചെലുത്തുവാൻ സാധിച്ചിട്ടുണ്ട്.
   (d) ഒരു ഭരണഘടനാ ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ലംഘനമാണോ എന്ന് പരിശോധിക്കുന്നത് കാര്യനിർവ്വഹണ വിഭാഗമാണ്.

5. The framers of the Indian Constitution borrowed a number of provisions from different countries. Some are given below. Identify the countries from which these provisions borrowed. 4

(a) Rule of Law

(b) Directive principles of state policy

(c) Residual powers

(d) Fundamental duties

6. Rajya Sabha members are elected by : 1

(a) The people directly

(b) President

(c) Members of State Legislative Assembly

(d) Prime Minister

7. ________ is the procedure for removing Indian President from his office. 1

8. Which of the following Constitutional Amendment limited the number of council of ministers to 15 percent of the total number of members of the Lok Sabha ? 1

(a) 52 (b) 91

(c) 73 (d) 74

9. 'The Satanic Verses' was written by ________. 1

5. ഇന്ത്യൻ ഭരണഘടനാ നിർമ്മാതാക്കൾ ഭരണഘടനയിലെ പല ഭാഗങ്ങളും മറ്റു പല രാജ്യങ്ങളിൽ നിന്നും കടമെടുത്തവയാണ്. താഴെ തന്നിരിക്കുന്ന ഭാഗങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണെന്ന് എഴുതുക. 4

(a) നിയമ വാഴ്ച

(b) നിർദേശക തത്വങ്ങൾ

(c) അവശിഷ്ടാധികാരം

(d) മൗലിക ചുമതലകൾ

6. രാജ്യസഭാ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് : 1

(a) ജനങ്ങൾ നേരിട്ട്

(b) രാഷ്ട്രപതി

(c) നിയമനിർമ്മാണ സഭയിലെ അംഗങ്ങൾ

(d) പ്രധാനമന്ത്രി

7. ഇന്ത്യൻ പ്രസിഡന്റിനെ പദവിയിൽ നിന്നും നീക്കം ചെയ്യുന്ന പ്രക്രിയ ________ ആണ്. 1

8. മന്ത്രി സഭയിലെ ആകെ അംഗസംഖ്യ ലോകസഭയിലെ ആകെ അംഗങ്ങളുടെ 15 ശതമാനത്തിൽ കവിയാൻ പാടില്ല എന്ന നിയന്ത്രണം കൊണ്ടുവന്ന ഭരണഘടനാ ഭേദഗതി ഏത് ? 1

(a) 52 (b) 91

(c) 73 (d) 74

9. 'ദി സാത്താനിക് വേഴ്സസ്' എന്ന കൃതി എഴുതിയത് ________ ആണ്. 1

10. Name the present Chief Election Commissioner of India. 1

10. ഇന്ത്യയിലെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആര് ? 1

11. Some rights are given below. Arrange them appropriately in the given table. 3

- Right to vote
- Right to have primary education in mother tongue
- Right to contest elections
- Right to work
- Right to establish institutions for teaching one's language and culture
- Right to receive minimum wages

11. ചില അവകാശങ്ങൾ താഴെ കൊടുക്കുന്നു. അവയെ തന്നിരിക്കുന്ന പട്ടികയിൽ ശരിയായി ക്രമപ്പെടുത്തുക. 3

- വോട്ടവകാശം
- മാതൃഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം
- തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം
- തൊഴിൽ ചെയ്യാനുള്ള അവകാശം
- സ്വന്തം ഭാഷയും സംസ്കാരവും പഠിപ്പിക്കുന്നതിന് വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അവകാശം
- മിനിമം കൂലി ലഭിക്കാനുള്ള അവകാശം

| Political Rights<br>രാഷ്ട്രീയ അവകാശങ്ങൾ | Economic Rights<br>സാമ്പത്തിക അവകാശങ്ങൾ | Cultural and Educational Rights<br>വിദ്യാഭ്യാസവും സാംസ്കാരികവുമായ അവകാശങ്ങൾ |
|---|---|---|
| • | • | • |
| • | • | • |

12. Write a short note about the citizenship provisions in the Indian Constitution. 3

12. ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള പൗരത്വാവകാശത്തിന്റെ വകുപ്പുകളെ കുറിച്ച് ചുരുക്കി എഴുതുക. 3

13. In what ways is the study of political theory useful for us ? 3

13. രാഷ്ട്രീയ സിദ്ധാന്തത്തെക്കുറിച്ചുള്ള പഠനം ഏതൊക്കെ തരത്തിലാണ് നമുക്ക് പ്രയോജനപ്പെടുന്നത്? 3

14. "The Prime Minister has to act more as a negotiator than as leader of the government in coalitions." Elucidate. **3**

15. Write the three methods of amending the Constitution. **3**

Answer any 4 questions from 16 to 20. Each carries 4 scores. **4x4=16**

16. Write a note on John Rawl's concept of justice.

17. Identify and explain different forms of structural violence.

18. 'Nationalism is a psychological feeling of oneness irrespective of caste, colour, creed, race and place of birth.' Analyse the creative and distructive forms of nationalism.

19. Prepare a note on the alternative models of development.

20. What is the difference between negative and positive concepts of liberty ?

14. മുന്നണി വ്യവസ്ഥയിൽ പ്രധാനമന്ത്രി ഗവൺമെന്റിന്റെ നേതാവെന്നതിനെക്കാൾ ഒരു കൂടിയാലോചനക്കാരനാണ് - സമർത്ഥിക്കുക. **3**

15. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള മൂന്ന് രീതികൾ എഴുതുക. **3**

16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക 4 സ്കോർ വീതം. **4x4=16**

16. ജോൺ റോൾസിന്റെ നീതിസിദ്ധാന്തത്തെകുറിച്ച് കുറിപ്പ് തയ്യാറാക്കുക.

17. ഘടനാപരമായ ഹിംസയുടെ വിവിധ രൂപങ്ങൾ കണ്ടെത്തി വിശദമാക്കുക.

18. 'ജാതി - മത - വർണ്ണ - വർഗ്ഗ - പ്രാദേശിക വ്യത്യാസങ്ങൾക്കതീതമായി ജനങ്ങൾക്കിടയിലെ മാനസിക ഐക്യമാണ് ദേശീയത' ദേശീയതയുടെ ക്രിയാത്മകവും വിനാശകരവുമായ രൂപങ്ങൾ വിശകലനം ചെയ്യുക.

19. വികസനത്തിന്റെ ബദൽ മാതൃകകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

20. നിഷേധാത്മക സ്വാതന്ത്ര്യം, ക്രിയാ സ്വാതന്ത്ര്യം ഇവ തമ്മിലുള്ള വ്യത്യാസമെന്ത് ?

Answer any 4 questions from 21 to 26. Each carries 5 score. 4x5=20

21 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം. 4x5=20

21. Law making procedure in India is a complex process. Write a note on the Law making procedure in India.

21. ഇന്ത്യയിലെ നിയമനിർമ്മാണ പ്രക്രിയ വളരെ സങ്കീർണ്ണമായ ഒന്നാണ്. ഇന്ത്യൻ നിയമനിർമ്മാണ പ്രക്രിയയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

22. Equality can be promoted through various measures. Analyse various measures for the promotion of equality.

22. വിവിധ മാർഗ്ഗങ്ങളിലൂടെ സമത്വം സ്ഥാപിക്കാൻ കഴിയും. സമത്വം സ്ഥാപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ വിശകലനം ചെയ്യുക.

23. What are the criticisms levelled against Indian Constitution ? Do you agree with this criticism ? Substantiate your view.

23. ഇന്ത്യൻ ഭരണഘടനക്കെതിരായ പ്രധാന വിമർശനങ്ങൾ എന്തെല്ലാം ? നിങ്ങൾ ഈ വിമർശനത്തെ അംഗീകരിക്കുന്നുണ്ടോ ? നിങ്ങളുടെ വാദഗതികൾ സാധൂകരിക്കുക.

24. List out the features of Indian federalism with strong central government.

24. ശക്തമായ കേന്ദ്ര ഗവൺമെന്റോടു കൂടിയ ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

25. Judiciary should be free from Legislature and Executive. Why do we need an independent judiciary ? How this independence can be ensured ?

25. നിയമ നിർമ്മാണ വിഭാഗത്തിൽ നിന്നും കാര്യനിർവ്വഹണ വിഭാഗത്തിൽ നിന്നും സ്വതന്ത്രമായിരിക്കണം നീതിന്യായ വിഭാഗം. നമുക്കൊരു സ്വതന്ത്ര നീതിന്യായ വിഭാഗത്തിന്റെ ആവശ്യമെന്താണ് ? എങ്ങനെയാണ് ഈ സ്വാതന്ത്ര്യം ഉറപ്പു വരുത്താൻ സാധിക്കുക ?

26. Write a short note on Directive Principles of State Policy provided by Indian Constitution. How far Indian state is able to implement it ?

26. ഇന്ത്യൻ ഭരണഘടനയിൽ ഉള്ള നിർദ്ദേശക തത്വങ്ങളെ കുറിച്ച് ചുരുക്കി എഴുതുക. നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കാൻ നമ്മുടെ രാഷ്ട്രത്തിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ട് ?

Answer any 2 questions from 27 to 29. Each question carries 8 score. 2x8=16

27. The Election Commission of India performs a number of functions. Write an essay on the structure and functions of Election Commission.

28. Indian secularism has been subjected to fierce criticism. Explain any four criticism levelled against Indian secularism.

29. Examine the changes brought about by $73^{rd}$ and $74^{th}$ Constitutional Amendment in Local Self Government Institutions.

-oOo-

27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 8 സ്കോർ. 2x8=16

27. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ധാരാളം ചുമതലകൾ നിർവ്വഹിക്കുന്നു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഘടനയെയും ചുമതലകളെയും കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.

28. ഇന്ത്യൻ മതേതരത്വം കടുത്ത വിമർശനങ്ങൾക്ക് വിധേയമാണ്. ഇന്ത്യൻ മതേതരത്വത്തിനെതിരായ ഏതെങ്കിലും നാല് വിമർശനങ്ങൾ വിശദീകരിക്കുക.

29. 73, 74 ഭരണഘടനാ ഭേദഗതികൾ എന്തെല്ലാം മാറ്റങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വരുത്തിയതെന്ന് പരിശോധിക്കുക.

-oOo-